# പതിനാലാം കേരളനിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3349 — 22/08/2017-ൽ മറുപടിക്ക്

## ആഗോള ഐ.ടി കമ്പനികളെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുന്നതിനു നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.എൻ.ഷംസീർ<br>" എം. സ്വരാജ്<br>" കെ. ദാസൻ<br>" കെ.ഡി. പ്രസേനൻ | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| എ) | സമഗ്രമായ ഐ.ടി. നയം പ്രഖ്യാപിച്ച സാഹചര്യത്തിൽ ആഗോള ഐ.ടി കമ്പനികളെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നത്; | എ) | കേരള ഐ.ടി വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു ഹൈ പവർ ഐ.ടി കമ്മിറ്റി (HPIC) രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ തീരുമാന പ്രകാരം ആഗോള ഐ.ടി കമ്പനികളെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും 6 പേർ അടങ്ങുന്ന Chief Minister's Fellow - IT (CMF-IT) എന്ന പേരിൽ ഒരു സെൽ രൂപീകരിച്ചിട്ടുണ്ട്.<br>തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിലും രാജ്യങ്ങളിലും വ്യവസായ സ്ഥാപനങ്ങളുമായും ഐ.ടി സംരംഭകരുമായും സഹകരിച്ച് ഐ.ടി സംരംഭകരെ കൂടി ഐ.ടി പ്രതിനിധി സംഘത്തിലുൾപ്പെടുത്തി (Kerala IT Banner) യൂറോപ്പ്, ഓസ്ട്രേലിയ, മിഡിൽ ഈസ്റ്റ് തുടങ്ങിയ രാജ്യങ്ങളിലും ഐ.ടി മേളകളിലും മറ്റും പങ്കെടുക്കുന്നതിനായുള്ള നിരവധി SME ഐ.ടി കമ്പനികൾക്ക് എക്സ്പോഷറിനുള്ള അവസരങ്ങൾ ലഭിക്കുന്നു. ദേശീയ - അന്തർദേശീയ തലത്തിൽ സംസ്ഥാനത്തെ |

| | | | |
|---|---|---|---|
| | | | ഐ.ടി കമ്പനികൾ കൂടുതൽ ശ്രദ്ധിക്കപ്പെടുവാനും നിരവധി പുതു സംരംഭങ്ങൾക്ക് അവസരം ഒരുക്കുവാനും ഇതു മൂലം സാധിച്ചിട്ടുണ്ട്.<br>ഐ.ടി രംഗത്ത് കൂടുതൽ വിദേശ നിക്ഷേപ സാധ്യതകൾ ലക്ഷ്യമാക്കി സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ CeBIT -Germay, Australia, GITEX-Dubai എന്നിവിടങ്ങളിൽ നടക്കുന്ന ഐ.ടി മേളകൾ, വൻകിട ഐ.ടി കമ്പനികളുടെ പ്രതിനിധികളുമായി ചർച്ചകൾ, Leadership Summit തുടങ്ങിയവയിലെ പങ്കാളിത്തം, NASSCOM, CII, TIE എന്നീ അസോസിയേഷനുകളുമായി സഹകരിച്ചുള്ള പ്രവർത്തനങ്ങൾ തുടങ്ങിയ എല്ലാം കൂടുതൽ വിദേശ ഐ.ടി കമ്പനികളെ കേരളത്തിലേയ്ക്ക് ആകർഷിക്കാൻ സഹായമാകുന്നു. |
| (ബി) | ഐ.ടി. പാർക്കുകൾ വികസിപ്പിക്കുന്നതിന് സഹകരണ മേഖലയുടെയും പ്രവാസികളുടെയും നിക്ഷേപം പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | ഐ.ടി പാർക്കുകൾ വികസിപ്പിക്കുന്നതിന് സഹകരണ മേഖലയിലെ സാമൂഹ്യ സ്ഥാപനങ്ങളുടെ കഴിവും പ്രവാസി മൂലധനത്തെയും പാർക്കുകളുടെ നിർമ്മാണത്തിനായി ഉപയോഗിക്കുന്നതിനും ഐ.ടി നയത്തിൽ പദ്ധതിയുണ്ട്. ഇത് സംബന്ധിച്ച വിശദമായ ചർച്ചകൾക്ക് ശേഷം മാത്രമേ പദ്ധതിയ്ക്ക് അന്തിമ രൂപം നല്കുകയുള്ളൂ. |
| സി) | സംസ്ഥാനത്തെ ചെറുകിട - ഇടത്തരം ഐ.ടി. സംരംഭങ്ങളുടെ ഗുണനിലവാരവും അന്താരാഷ്ട്ര വിപണിയിൽ അവയുടെ മത്സര | സി) | സംസ്ഥാനത്തെ ചെറുകിട - ഇടത്തരം ഐ.ടി. സംരംഭങ്ങളുടെ ഗുണനിലവാരവും അന്താരാഷ്ട്ര വിപണിയിൽ അവയുടെ മത്സര ക്ഷമതയും വർദ്ധിപ്പിക്കുന്നതിനു വേണ്ടി എല്ലാം വർഷവും |

| | | | |
|---|---|---|---|
| | ക്ഷമതയും വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | | G-Tec, CeBIT തുടങ്ങിയ ഐ.ടി. ഇവന്റുകൾ വിദേശ രാജ്യങ്ങളിൽ നടത്തി വരുന്നുണ്ട്.<br>ഐ.ടി മേഖലയിൽ കേരളത്തിനുള്ള പ്രാവീണ്യം ലോകത്തിനു മുന്നിൽ അവതരിപ്പിക്കുന്നതിനും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള അത്യന്താധുനിക സാങ്കേതിക വിദ്യകൾ കേരളത്തിലെ സംരംഭകർക്ക് പരിചയപ്പെടുത്താനും, വാർഷിക ഐ.ടി എക്സ്പോ സംഘടിപ്പിക്കുന്നതിലൂടെ കഴിയും. സംസ്ഥാനത്തെ ഐ.ടി കമ്പനികൾക്ക് ദേശീയ അന്തർദേശീയ ബിസിനസ്സ് ചെയ്യാനുള്ള അവസരങ്ങൾ കണ്ടെത്താനുള്ള വേദിയായി ഐ.ടി എക്സ്പോ മാറും. കേരളത്തിലെ കമ്പനികൾക്ക് മെച്ചപ്പെട്ട അവസരങ്ങളുള്ള മറ്റു രാജ്യങ്ങളിൽ നിന്ന് വാണിജ്യ സംഘങ്ങളെ ഇവിടേയ്ക്ക് ക്ഷണിക്കുന്നതിനും സ്മാർട്ട് സങ്കേതങ്ങൾ, ആരോഗ്യം, മൊബിലിറ്റി എന്നീ മേഖലയിൽ കൂടുതൽ സംരംഭകരെ ആകർഷിക്കുന്നതിനും ഇത്തരം മേളകൾക്ക് കഴിയും |

**സെക്ഷൻ ഓഫീസർ**